(സി) 2014-15 വർഷത്തിന്റെ ആദ്യപകുതിയിൽ ലഭിച്ച വരുമാനം എത്രയാണ്;

(ഡി) നിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 ബഡ്ജറ്റ് പ്രസംഗത്തിന്റെ 353-ാം ഖണ്ഡികയിൽ പ്രതിപാദിച്ച കാര്യങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി കേരള ധനകാര്യ നിയമം 2014 പ്രകാരം കേരള പൊതുവില്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഇരട്ട നക്ഷത്ര പദവിയുള്ള ബാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നികുതി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റുപ്രദേശങ്ങൾ എന്നതരം തിരിവില്ലാതെ ബിവറേജസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്ന വിലയുടെ അടിസ്ഥാനത്തിൽമാത്രം നിജപ്പെടുത്തിക്കൊണ്ട് 160 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് കോമ്പൗണ്ടിംഗ് നികുതിയുടെ ഒരു പുനഃക്രമീകരണം മാത്രമാകയാൽ അധിക വരുമാനം പ്രതീക്ഷിക്കുന്നില്ല.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

174 (514) <u>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണത്തിന് 2014 വർഷ ബഡ്ജറ്റ് പ്രസംഗത്തിന്റെ പരിസമാപ്തിയിൽ ബഹു.ധനകാര്യമന്ത്രി 5 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു എങ്കിലും കഴിഞ്ഞ സമ്മേളനത്തിലെ സപ്ലിമെന്ററി ഡിമാന്റിലോ തുടർന്നോ ഇതിനാവശ്യമായ തുക അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ പ്രവൃത്തിക്ക് എ.എസ്. നൽകാൻ കഴിയാതെ വന്നതിനാൽ ഈ തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചശേഷം ഭരണ വകുപ്പ് പ്രൂപാർശ സമർപ്പിക്കുന്ന ഘട്ടത്തിൽ തുക അനുവദിക്കുന്നതാണ്.

പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിക്കുന്ന തുക

175 (515) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം ഈ മേഖലയിലെ പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായി ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; 2013-14 വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള മൊത്തം അധ്യാപക അധ്യാപകേതര ജീവനക്കാർ എത്രയെന്നും അതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവർ എത്ര വീതമാണെന്നും ; അവയിൽ പ്രൊട്ടക്ടഡ് ആയി സർക്കാർ പരിഗണിച്ചുവെന്നത് എത്രയെന്നും അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫ് എത്രയെന്നും അവരുടെ ശമ്പള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ 62.09 ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായാണ് ചെലവാക്കുന്നത്.

കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ :

എയ്ഡഡ് പ്രൈമറി സ്കൂൾ	-	2511.92 കോടി രൂപ
എയ്ഡഡ് സെക്കൻററി സ്കൂൾ	-	1625.20 കോടി രൂപ
എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ	-	10.76 കോടി രൂപ
എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ	-	687.33 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly